**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3518** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്ന അക്രമസംഭവവുമായി ബന്ധപ്പെട്ട അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 25.11.2021 ന് കാലിക്കറ്റ് സർവ്വകലാശാലയിലെ പരീക്ഷാ ഭവനിൽ ഒരുപറ്റം ആളുകൾ ജീവനക്കാരനെ മർദ്ദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ മർദ്ദനത്തിനിരയായ ഉദ്യോഗസ്ഥൻ പ്രതികൾക്കെതിരെ സർവ്വകലാശാലയ്ക്ക് പരാതി നൽകിയിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | മർദ്ദനത്തിനിരയായ ഉദ്യോഗസ്ഥൻ പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട പരാതി നൽകിയില്ല. ബ്രാഞ്ച് ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടർനടപടികൾക്കുമായി തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിലേക്ക് സർവ്വകലാശാല കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രതികളായി കണ്ടെത്തിയവരുടെ വിശദാംശം നൽകുമോ; | (സി) | നമ്പർ.238846/AD-LEG-ASST-3/2021/Admn (I) തീയതി 26.11.2021 പ്രകാരം കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടർനടപടികൾക്കുമായി തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിലേക്ക് കാലിക്കറ്റ് സർവ്വകലാശാല കത്ത് നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) | കുറ്റാരോപിതരായിട്ടുള്ള ആളുകൾ അക്രമസംഭവം നടന്ന ബ്രാഞ്ചുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നവരാണോ; | (ഡി) | പ്രസ്തുത ദിവസം ബ്രാഞ്ചിൽ വന്ന് അക്രമം നടത്തിയവർ സംഭവം നടന്ന ബ്രാഞ്ചുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നവരല്ല. |
| (ഇ) | പ്രസ്തുത അക്രമസംഭവവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നിയമിച്ച അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഇ) | അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പരിശോധനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിച്ചിട്ടുള്ള ടി റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# 25.11.2021 ന്
# പരീക്ഷാഭവൻ ബി.എ. വിഭാഗത്തിൽ നടന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ട കമ്മറ്റിയുടെ റിപ്പോർട്ട്

*കമ്മറ്റി അംഗങ്ങൾ :*

- പ്രൊ-വൈസ് ചാൻസലർ
- രജിസ്ട്രാർ
- കൺട്രോളർ ഓഫ് എക്സാമിനേഷൻസ്

**<u>25.11.2021 ന് പരീക്ഷാഭവൻ ബി.എ. വിഭാഗത്തിൽ നടന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ട കമ്മറ്റിയുടെ നടപടിക്രമം</u>**

പ്രസ്തുത കമ്മറ്റിയുടെ ആദ്യ സിറ്റിംഗ് 03.12.2021 ന് രാവിലെ 10.30 ന് യുണിവേഴ്സിറ്റി ഗസ്റ്റ് ഹൗസിൽ വെച്ച് താഴെ പറയുന്നവരുടെ സാന്നിധ്യത്തിൽ നടന്നു.

പ്രൊ-വൈസ് ചാൻസലർ

രജിസ്ട്രാർ

കൺട്രോളർ ഓഫ് എക്സാമിനേഷൻസ്

താഴെ പറയുന്നവർ ഹിയറിങ്ങിൽ പങ്കെടുത്തു

ശ്രീ. ഷിബു. പി.ജി., സെക്ഷൻ ഓഫീസർ, ബി.എ. വിഭാഗം

ശ്രീമതി. പ്രീതി. ടി., ഡെപ്യൂട്ടി രജിസ്ട്രാർ, ബി.എ. വിഭാഗം

ശ്രീ. അബ്ദുൾ കരിം. എം, ഡെപ്യൂട്ടി രജിസ്ട്രാർ, ബി.എ. വിഭാഗം

ശ്രീമതി. വന്ദന.ഐ.പി., സെക്ഷൻ ഓഫീസർ, ബി.എ. വിഭാഗം

ശ്രീ. ബിജു. കെ.കെ., അസിസ്റ്റന്റ്, ബി.എ. വിഭാഗം

ശ്രീ. നൗഷാദ്. കെ.ടി., അസിസ്റ്റന്റ്, ബി.എ. വിഭാഗം

ശ്രീമതി. നിഷ. ടി.വി., അസിസ്റ്റന്റ്, ബി.എ. വിഭാഗം

ശ്രീ. കൃഷ്ണനുണ്ണി, സെക്യൂരിറ്റി സ്റ്റാഫ്

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിഭാഗം സെക്ഷൻ ഓഫീസർ ശ്രീ. ഷിബു. പി.ജി. താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

സംഭവദിവസം രാവിലെ 8.45 ന് താൻ ഓഫീസിൽ എത്തിയതായും, ഏകദേശം 12.00 മണിക്ക് കൂടെയുള്ളവരോടൊപ്പം ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ സെക്ഷന് പുറത്ത് 3 പേർ നിൽക്കുന്നതു കണ്ടതായും ഷിബു പറഞ്ഞു. സാധാരണയായി സെക്ഷന് മുന്നിൽ നിൽക്കുന്നവരോട് സന്ദർശകർക്കുള്ള ഇരിപ്പിടങ്ങളിൽ ഇരിക്കാൻ പറയുന്നതുപോലെ അവരോടും പറഞ്ഞെന്നും, ആ സമയം അമൽ സെക്ഷനിലേക്ക് വന്ന് കൈ ചൂണ്ടി "നീ മിണ്ടാതിരിയെടാ, നി നിന്റെ പണിയെടുത്താൽ മതി" എന്നു പറഞ്ഞത് കേട്ട താൻ പെട്ടെന്ന് എഴുന്നേറ്റതായും ഷിബു കമ്മറ്റിയെ അറിയിച്ചു. ആ സമയത്ത് ഇവർ മൂന്നു പേരും സെക്ഷനിലേക്ക് വരാൻ നോക്കിയപ്പോൾ, സെക്ഷനിൽ മാർക്ക് ഷീറ്റും മറ്റും ഉള്ളതിനാൽ അവർ അകത്ത് കയറാതെ തടയാൻ ശ്രമിച്ചപ്പോൾ വന്നവർ ഒന്നും പറയാതെ തന്റെ തലക്കും, കഴുത്തിലും മറ്റും അടിക്കുകയായിരുന്നെന്ന് അറിയിച്ചു. ആദ്യ അടിയിൽ തന്നെ തനിക്ക് സ്ഥലകാലബോധം പോയിരുന്നെന്നും, പിന്നീട് കാണുന്നത് താടി വെച്ചൊരാൾ (ബിബിൻ ദേവ്) തന്നെ പിടിച്ച് വെക്കുന്നതും, മറ്റുള്ളവർ തന്നെ ഇടിക്കുന്നതുമായിരുന്നെന്നും, സെക്ഷനിൽ ഉള്ളവർ ബഹളം വെച്ചപ്പോൾ ഓഫീസിലെ മറ്റുള്ളവർ ഓടിവന്ന് അവരെ പിടിച്ച് മാറ്റുകയും, അവരെ വിടരുത്, അവരെന്നെ അടച്ചിട്ടാണ് പോകുന്നത് എന്ന് താൻ പറഞ്ഞെങ്കിലും അവിടെ ഉണ്ടായിരുന്ന ജീവനക്കാർ അവരെ ഒന്നും ചെയ്തില്ലെന്നും, പിന്നീട് ഡെപ്യൂട്ടി രജിസ്ട്രാർ വന്ന് അവരെ കാബിനിലേക്ക് കൂട്ടിക്കൊണ്ടുപോയെന്നും ശ്രീ. ഷിബു അറിയിച്ചു.

ഇതിനു മുമ്പ് ഒരു കുട്ടിയുമായും താനോ തന്റെ സെക്ഷനിലുള്ളവരോ യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ലെന്നും, ഇവർ വന്നപ്പോൾ മുതൽ അവരുടെ പെരുമാറ്റത്തിൽ നിന്നും മുൻകൂട്ടി തീരുമാനിച്ച് വന്നതാണെന്ന് തനിക്ക് തോന്നിയെന്നും ഷിബു പറഞ്ഞു.

എൻട്രി പാസില്ലാതെ കുട്ടികൾ സെക്ഷനുകളിലേക്ക് വരുന്നത് തടയാൻ താൻ തന്നെ ഡ്രാഫ്റ്റ് ചെയ്ത നിർദ്ദേശങ്ങളാണ് ഡെപ്യൂട്ടി രജിസ്ട്രാർ ഒപ്പിട്ട ശേഷം നടപ്പാക്കി സെക്ഷനുകളിൽ പതിക്കുകയും, പിന്നീട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുട്ടികളെ പ്രവേശിപ്പിച്ച സമയത്ത് അത് പാടില്ല എന്ന് കർശനമായി പറഞ്ഞത് അറിഞ്ഞ വിദ്യാർത്ഥികൾ തന്നെ ടാർഗറ്റ് ചെയ്തതാകാം എന്ന് ഷിബു കമ്മറ്റിയോട് പറഞ്ഞു. സ്റ്റാഫ്

അംഗങ്ങളാരും ഈ നിർദ്ദേശങ്ങൾക്കെതിരെ എന്തെങ്കിലും പറഞ്ഞതായി അറിവില്ലെന്നും, എന്നാൽ സംഘടനാ ഗ്രൂപ്പുകളിലൊന്നും താൻ അംഗമല്ലാത്തതിനാൽ അവിടെ നടന്ന ചർച്ച എന്താണെന്ന് തനിക്കറിയില്ലെന്നും, എന്നാൽ ബി.എ. ബ്രാഞ്ചിലുള്ളവർക്ക് ഇത് തയ്യാറാക്കിയത് താനാണെന്ന് അറിയാമെന്നും അദ്ദേഹം കമ്മറ്റിയെ അറിയിച്ചു.

ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതോടെ കുട്ടികൾക്ക് ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ല, കുട്ടികൾ കൂട്ടമായി സെക്ഷനുകളിൽ വരുന്നതിനെയാണ് ഇത് തടഞ്ഞതെന്നും പറഞ്ഞു. ഇപ്പോൾ മാർക്ക് എൻട്രി നടക്കുന്ന സമയമായതിനാൽ അവിടെ വരുന്നവർക്ക് ആർക്കും സംശയം തോന്നാത്ത വിധത്തിൽ മാർക്ക് ലിസ്റ്റിൽ കൃത്രിമം നടത്താൻ വേണമെങ്കിൽ സാധിക്കുമെന്നും, ഇങ്ങനെ എന്തെങ്കിലും തിരിമറി നടത്താനാണോ ഇവർ വന്നതെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നതായും ഷിബു പറഞ്ഞു. കർശനമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ അവർക്ക് അതിനുള്ള സാഹചര്യം ഇല്ലാതാക്കിയതിന് പ്രതികാരമായി, നിയന്ത്രണം ഏർപ്പെടുത്താൻ നേതൃത്വം നൽകിയ എന്നെ കൈകാര്യം ചെയ്യാനായിരിക്കാം അവർ വന്നതെന്നും, ഈ സംഭവത്തിന് മുമ്പുള്ള ദിവസങ്ങളിലും കുട്ടികൾ, സംഘടനാ നേതാക്കൾ എന്ന ഭാവേന വന്നിരുന്നതായും ഷിബു കമ്മറ്റിയോട് പറഞ്ഞു. ഇവരെ ആരെയും മുൻപരിചയം ഇല്ലെന്നും, ഇവരോടും ഇവരുടെ സംഘടനയിൽപ്പെട്ടവരോടും തനിക്ക് മുൻ വൈരാഗ്യങ്ങളൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു.

മൂന്നുപേരും അടുത്തുള്ള സെക്ഷനിൽ എന്തെങ്കിലും കാര്യത്തിന് വന്നതാണെന്നാണ് ഞാൻ കരുതിയത്. സംഭവത്തിനു ശേഷം ഇപ്പോഴും ശാരീരികമായ പ്രശ്നങ്ങളുണ്ടെന്നും, മാനസികമായി വല്ലാത്ത ഷോക്കായിരുന്നതിനാലുമാണ് ഓഫീസിലേക്ക് വരാത്തതെന്നും കൂടാതെ കുടുംബത്തെയടക്കം ഇല്ലാതാക്കും എന്ന തരത്തിൽ ഭീഷണിക്കത്ത് വരുകയും, സോഷ്യൽ മീഡിയ വഴി തേജോവധം ചെയ്തുകൊണ്ടിരിക്കുകയാണെന്നും ഷിബു കമ്മറ്റിയെ അറിയിച്ചു.

പോലീസ് വാഹനത്തിൽ ഹോസ്പിറ്റലിൽ പോകുമ്പോഴും കടുത്ത ആക്രമണമുണ്ടായതായും, കുറേ കുട്ടികൾ പെട്ടെന്ന് കൂട്ടമായി വന്നതും, ചാനലുകൾ ആ സമയത്ത് തന്നെ എത്തിയതുമെല്ലാം നേരത്തെ പ്ലാൻ ചെയ്തതിന് തെളിവാണെന്നും വണ്ടിയിൽ ഇവിടെ നിന്നും ആശുപത്രിയിൽ എത്തുന്നതുവരെ എസ്.ഐ. തന്നെ ചീത്ത വിളിച്ചിരുന്നെന്നും ഇക്കാര്യത്തിൽ പരാതിയൊന്നും പറഞ്ഞിട്ടില്ലെന്നും ഷിബു കമ്മറ്റിയെ അറിയിച്ചു.

അകാരണമായി തനിക്കേറ്റ മർദ്ദനം എല്ലാ ജീവനക്കാർക്കും ഏറ്റ അടിയായിട്ടാണ് കാണുന്നതെന്നും, ജീവനക്കാർക്ക് വേണ്ട സുരക്ഷിതത്വം ഒരുക്കണമെന്നും പ്രതികളിൽ ഒരാളായ അമൽ കഴിഞ്ഞ ദിവസവും പരീക്ഷാഭവന് മുന്നിൽ വന്നതായി അറിഞ്ഞെന്നും അദ്ദേഹം പറഞ്ഞു. കഠിനമായി ജോലി ചെയ്തിരുന്ന വ്യക്തി എന്ന നിലക്ക് തനിക്ക് ഇത്തരം അനുഭവം വന്നത് മറ്റുള്ളവരിലും ഒരു അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുണ്ടെന്നും ഷിബു കമ്മറ്റിയെ അറിയിച്ചു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ ശ്രീമതി. പ്രീതി. ടി താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

നിലവിൽ 06.10.2020 തീയ്യതി ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ പരീക്ഷാഭവനിൽ പ്രവേശിപ്പിക്കുന്നതെന്നും, പരീക്ഷയുമായി ബന്ധപ്പെട്ട ബഹുഭൂരിപക്ഷം ജോലികളും ചെയ്യേണ്ടത് ജനറൽ സെക്ഷനിലാണെന്നും ഞായറാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ സെക്ഷൻ ഓഫീസർ ശ്രീ. ഷിബു. പി.ജി. ഓഫീസിൽ വന്ന് കഠിനപ്രയത്നം ചെയ്താണ് അദ്ദേഹം ജോലി തീർക്കുന്നത് എന്ന് ഡെപ്യൂട്ടി രജിസ്ട്രാർ പറഞ്ഞു.

സംഭവം നടന്ന ദിവസം പ്രശ്നം നടക്കുന്ന വിവരം അറിഞ്ഞ് സംഭവ സ്ഥലത്ത് എത്തിയപ്പോൾ പരിചയമില്ലാത്ത മൂന്നുപേർ അവിടെയുണ്ടായിരുന്നു. കാര്യങ്ങൾ അന്വേഷിക്കാനാണ് ഞങ്ങൾ വന്നതെന്ന് അവർ പറഞ്ഞു. കോളേജിന്റെ പേരും, അത് കൈകാര്യം ചെയ്യുന്ന സെക്ഷന്റെ പേരും എൻട്രൻസിൽ തന്നെ വെച്ചിട്ടുള്ളതാണ്. അത് നോക്കാതെയാണ് അവർ വന്നത്. അതീവ ശ്രദ്ധയോടെ ചെയ്യേണ്ട ജോലി ആയതിനാൽ മറ്റുള്ളവർ സെക്ഷനിൽ വരുന്നത് ജോലിയെ ബാധിക്കും എന്നതിനാലാണ് കുട്ടികളെ നിയന്ത്രിക്കുന്നത്. പുറത്തുനിന്നും വന്നവർ തന്നോട് മാന്യമായാണ് പെരുമാറിയതെന്നും താൻ അവിടെ എത്തുന്നതിന് മുമ്പേ ജീവനക്കാരുമായുള്ള അടി കഴിഞ്ഞിരുന്നതായും ഷിബു നെഞ്ചുവേദന കാരണം ആശുപത്രിയിൽ പോകാൻ തയ്യാറെടുക്കുമ്പോഴാണ് അടി നടന്ന കാര്യം താൻ അറിഞ്ഞത് എന്നും ഡെപ്യൂട്ടി രജിസ്ട്രാർ പറഞ്ഞു. വന്നവരിൽ ഒരാൾ എസ്.എഫ്.ഐ നേതാവ് അമൽ ആണെന്ന് പറഞ്ഞതായും, പിരിഞ്ഞ് പോകാൻ പറഞ്ഞപ്പോൾ അതിനു

തയ്യാറാകാത്തതിനാൽ പരീക്ഷാ കൺട്രോളറെ വിളിച്ച കാര്യം പറഞ്ഞതായും ഡെപ്യൂട്ടി രജിസ്ട്രാർ പറഞ്ഞു. ഈ സമയം മൂന്നുപേരും നിരന്തരം ഫോൺ ചെയ്തിരുന്നത് കുട്ടികളെ വിളിച്ച് കൂട്ടാൻ വേണ്ടിയാണ് എന്ന് പിന്നീട് മനസ്സിലായതായും ഡെപ്യൂട്ടി രജിസ്ട്രാർ അറിയിച്ചു.

കുട്ടികൾ സെക്ഷനിലുള്ളവരോട് മോശമായാണ് സംസാരിച്ചത് എന്ന കാര്യവും, ടോക്കൺ എടുത്ത് കുട്ടികൾ ബ്രാഞ്ചിൽ വരാറുണ്ടെങ്കിലും പ്രസ്തുത ദിവസം വന്ന മൂന്നുപേരും അന്വേഷിച്ചത് ബി.എ. വിഭാഗത്തിലെ പ്രോഗ്രാം സംബന്ധിച്ചുള്ള കാര്യത്തിനായല്ലെന്നും ഡെപ്യൂട്ടി രജിസ്ട്രാർ അറിയിച്ചു. കുട്ടികൾക്ക് യൂണിയനുമായി ബന്ധമുള്ള ജീവനക്കാരോടോ അല്ലെങ്കിൽ ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരോടോ സംസാരിച്ച് കാര്യം അറിയാമായിരുന്നെന്നും അതിനായി ഡെപ്യൂട്ടി രജിസ്ട്രാർ ഓഫീസിൽ ആളുകളെ നിയോഗിച്ചിട്ടുണ്ടെന്നും ശ്രീമതി. പ്രീതി പറഞ്ഞു. ഇന്നേവരെ ആരും സർവ്വീസ് ലഭിക്കുന്നില്ല എന്ന പരാതിയുമായി തന്റെയടുത്ത് വന്നിട്ടില്ലെന്നും അവർ പറഞ്ഞു.

ജീവനക്കാർ വളരെയധികം സമ്മർദ്ദത്തിലാണ് ജോലി ചെയ്യുന്നത്. പാസ്സ് എടുക്കാത്തവർ സെക്ഷനടുത്ത് കൂട്ടം കൂടി നിൽക്കരുതെന്ന് വന്നവരോട് പറഞ്ഞെങ്കിലും അവർ അതിന് തയ്യാറായില്ല. ഷിബു ഞായറാഴ്ച ഉൾപ്പെടെയുള്ള ഒഴിവ് ദിവസങ്ങളിലും, രാത്രി വൈകിയും ഓഫീസിലിരുന്ന് വളരെ കമ്മിറ്റഡായി ജോലി ചെയ്യുന്നയാളാണെന്നും ഡെപ്യൂട്ടി രജിസ്ട്രാർ കമ്മറ്റിയെ അറിയിച്ചു.

നെഞ്ചുവേദന ഉണ്ടായ ഷിബുവിനെ ആശുപത്രിയിൽ കൊണ്ടുപോകുന്നത് മുക്കാൽ മണിക്കൂറിലധികം തടസ്സപ്പെടുത്തിയെന്നും, താനടക്കമുള്ളവർ മുന്നിട്ടിറങ്ങിയാണ് ഷിബുവിനെ പുറത്തെത്തിച്ചതെന്നും ഡെപ്യൂട്ടി രജിസ്ട്രാർ പറഞ്ഞു. വിദ്യാർത്ഥികളെ ഷിബു ആക്രമിച്ചുവെന്നും, അയാളെ തിരിച്ചാക്രമിക്കണമെന്നും വിദ്യാർത്ഥികൾക്കിടയിൽ പ്രചാരണം നടന്നതായും അവർ പറഞ്ഞു. പോലീസ് വണ്ടിയിലാണ് ഷിബുവിനെ ആശുപത്രിയിൽ കൊണ്ടുപോയത്, പോലീസ് വണ്ടിയില്ലെങ്കിൽ പ്രൈവറ്റ് വാഹനം ആയിരുന്നെങ്കിൽ ആ ഓഫീസറുടെ ജീവൻ പോലും അപകടത്തിലാകുമായിരുന്നെന്നും, ആയിരത്തിലധികം കുട്ടികൾ ഇരിക്കുന്നത് കാണാമായിരുന്നെന്നും, നിന്നെ പുറത്ത് വെച്ച് എടുത്തോളാം" എന്നൊരു വെല്ലുവിളി അവർ (3 അപരിചിതർ) പറയുന്നത് അവരെ താൻ കൂട്ടി കൊണ്ടുവരുമ്പോൾ കേട്ടതായും ഡെപ്യൂട്ടി രജിസ്ട്രാർ കമ്മറ്റി മുമ്പാകെ അറിയിച്ചു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിദൂര വിദ്യാഭ്യാസ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ ശ്രീ. അബ്ദുൾ കരീം. എം താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

സെക്ഷനിൽ അടി നടക്കുന്ന സമയം താൻ അവിടെ ഉണ്ടായിരുന്നില്ലെന്നും ബഹളം കേട്ടാണ് അവിടെ എത്തിയതെന്നും, ഷിബുവിനെയും കുട്ടികളെയും പിടിച്ചുമാറ്റുന്നതാണ് കണ്ടതെന്നും ഡെപ്യൂട്ടി രജിസ്ട്രാർ പറഞ്ഞു. ജീവനക്കാർ കുട്ടികളോട് മോശമായി ഒന്നും പറഞ്ഞിട്ടില്ലെന്നും, കുട്ടികളെയും ജീവനക്കാരെയും പിടിച്ച്മാറ്റി പ്രശ്നമില്ലാതാക്കാനാണ് താൻ ശ്രമിച്ചതെന്നും ഡെപ്യൂട്ടി രജിസ്ട്രാർ പറഞ്ഞു.

കുട്ടികൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കാണമെന്നും, അവർക്ക് ഇരിക്കുന്നതിനും മറ്റും സൗകര്യം ഒരുക്കാനും ഡെപ്യൂട്ടി രജിസ്ട്രാർ കമ്മറ്റി മുമ്പാകെ ആവശ്യപ്പെട്ടു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിഭാഗം സെക്ഷൻ ഓഫീസർ ശ്രീമതി. വന്ദന. ഐ.പി. താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

താൻ സെക്ഷനിലിരുന്ന് ജോലി ചെയ്യുമ്പോൾ ശ്രീ. ഷിബുവിന്റെ സെക്ഷനിൽ നിന്ന് ശബ്ദം കേൾക്കുകയും, നോക്കുമ്പോൾ അദ്ദേഹത്തെ കുനിച്ച് നിർത്തി മൂന്ന് പേർ ചേർന്ന് അടിക്കുന്നത് കണ്ടു എന്നും അപ്പോൾ തങ്ങൾ ബഹളം വെച്ചതായും, ഷിബുവിനെ അവർ നന്നായി ഇടിച്ചതായും ഷിബു വിദ്യാർത്ഥികളുടെ കോളറിന് പിടിച്ചത് കണ്ടിട്ടില്ലെന്നും ശ്രീമതി. വന്ദന പറഞ്ഞു. താൻ ഇരിക്കുന്ന ഭാഗത്ത് നിന്നും നോക്കിയപ്പോൾ ഷിബുവിനെ ഇടിക്കുന്നത് നന്നായികണ്ടിരുന്നെന്നും സ്ത്രീകൾ എന്ന നിലക്ക് തങ്ങൾ ആ ഭാഗത്തേക്ക് പോയില്ലെന്നും, അടിക്കുന്നതിന് മുമ്പ് എന്തെങ്കിലും വാക് തർക്കം നടന്നതായി കേട്ടില്ലെന്നും അവർ പറഞ്ഞു. ഷിബുവോ, ജീവനക്കാരോ കുട്ടികളെ തിരിച്ചടിച്ചിട്ടില്ലെന്നും മറിച്ച് മൂന്ന് പേർ വളഞ്ഞ് നിന്ന് ഷിബുവിനെ നടുവിലാക്കി അടിക്കുകയും, വളരെ മോശം വാക്കുകൾ പ്രയോഗിച്ചതായും വന്ദന പറഞ്ഞു. പുരുഷന്മാരായ ജീവനക്കാരുടെ എണ്ണം സെക്ഷനിൽ കുറവാണെന്നും, എല്ലാവരും നന്നായി ജോലി ചെയ്യുന്നവരാണെന്നും അവർ കമ്മറ്റിയോട് പറഞ്ഞു.

സെക്ഷനിൽ വന്ന് അടിയുണ്ടാക്കിയവരെ മുമ്പ് കണ്ട് പരിചയമില്ലെന്നും, തങ്ങൾ സുരക്ഷിതമായ അന്തരീക്ഷത്തിലല്ല ജോലിചെയ്യുന്നതെന്നും, ജീവനക്കാരും വിദ്യാർത്ഥികളും തമ്മിൽ ചെറിയ കശപിശയൊക്കെ ഇടക്ക് ഉണ്ടാകാറുണ്ടെന്നും വന്ദന പറഞ്ഞു. പരീക്ഷാഭവൻ സിസ്റ്റം മുഴുവനായും കൂടുതൽ മെച്ചപ്പെടുത്തണമെന്നും, ഇൻഫ്രാ സ്ട്രക്ചർ സൗകര്യങ്ങൾ കൂടുതൽ വരണമെന്നും അവർ പറഞ്ഞു.

ഷിബു വളരെ കഠിനാധ്വാനിയും, എല്ലാവർക്കും സഹായം ചെയ്യുകയും, കൂടാതെ ആരുടെ മുഖത്ത് നോക്കിയും പറയേണ്ട കാര്യം തുറന്ന് പറയുന്ന വ്യക്തിത്വമുള്ളയാളുമാണ്. ജീവനക്കാർക്ക് ആത്മവിശ്വാസം വരുത്തുന്ന നടപടി ഇക്കാര്യത്തിൽ അധികാരികളിൽ നിന്നും ഉണ്ടാകണമെന്നും സെക്ഷൻ ഓഫീസറായ വന്ദന കമ്മറ്റി മുമ്പാകെ പറഞ്ഞു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിഭാഗം അസിസ്റ്റന്റ് ശ്രീമതി. നിഷ. ടി.വി., താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

സെക്ഷൻ ഓഫീസറായ ഷിബുവിന്റെ സെക്ഷനിലെ അസിസ്റ്റന്റായ താൻ ആദ്യം മുതൽ നടന്ന സംഭവങ്ങൾ കണ്ടിരുന്നതായി അവർ പറഞ്ഞു. സെക്ഷൻ ഓഫീസറും, താനും അധ്യാപകരിൽ നിന്നും അയച്ചുകിട്ടിയ മാർക്കുകൾ മേശമേൽ നിവർത്തി വെച്ച് ജോലി ചെയ്യുന്ന സമയത്ത് മൂന്നുപേർ സെക്ഷൻ ഓഫീസറുടെ വശത്ത് നിൽക്കുന്നതായും അവർ അവിടെ നിന്നും നടന്ന് സെക്ഷൻ ഓഫീസറുടെ വശത്തേക്ക് വന്നപ്പോൾ അവിടെ നിൽക്കരുതെന്നും പുറത്ത് പോയി ഇരിക്കണമെന്നും ഷിബു പറഞ്ഞതായും നിഷ പറഞ്ഞു. വളരെ മോശം ഭാഷയിൽ അവർ അതിന് മറുപടി പറയുകയും, ഇതുകേട്ട ഷിബു സീറ്റിൽ നിന്നും എഴുന്നേറ്റപ്പോൾ കുട്ടികൾ സെക്ഷനിലേക്ക് ഓടി വന്ന് മൂന്നുപേർ ചേർന്ന് പിടിച്ച് വെച്ച് അദ്ദേഹത്തെ മർദ്ദിക്കുകയായിരുന്നതായും നിഷ പറഞ്ഞു. താൻ വിളിച്ചതനുസരിച്ച് മറ്റ് സെക്ഷനുകളിൽ നിന്നും ഓടി വന്നവർ പിടിച്ച് മാറ്റാൻ ശ്രമിച്ചു. രണ്ട് പേർ ചേർന്ന് സെക്ഷൻ ഓഫീസറായ ഷിബുവിനെ പിടിച്ചുവെച്ച് മൂന്നാമതൊരാൾ മർദ്ദിക്കുന്നതും കണ്ട താൻ മാനസികമായി തളർന്നു പോയെന്നും അവർ പറഞ്ഞു.

ജീവനക്കാർ ആരും അവരെ തിരിച്ചാക്രമിക്കുകയോ, ഇതിന് മുമ്പ് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്നും അവർ അറിയിച്ചു. എന്ത് കാര്യം അന്വേഷിച്ചാലും സെക്ഷൻ ഓഫീസറായി ഷിബു കൃത്യമായ മറുപടി നൽകുകയും, സഹായിക്കുകയും ചെയ്യുമെന്നും അവർ പറഞ്ഞു. റാങ്ക് സർട്ടിഫിക്കറ്റ്, പൊസിഷൻ സർട്ടിഫിക്കറ്റ് എന്നീ ആവശ്യങ്ങൾക്കല്ലാതെ കുട്ടികൾ മറ്റ് ആവശ്യങ്ങൾക്ക് ജനറൽ സെക്ഷനിൽ വരേണ്ടതില്ലെന്നും നിഷ കമ്മറ്റി മുമ്പാകെ അറിയിച്ചു

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിഭാഗം (ഇ.എ.4) അസിസ്റ്റന്റ് ശ്രീ. ബിജു. കെ.കെ. താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

ഒരു കാര്യം അന്വേഷിക്കാൻ ഇ.എ. 6 ലേക്ക് പോയ സമയത്താണ് സംഭവം നടന്നതെന്നും, സെക്ഷൻ ഓഫീസറായ ഷിബുവിനെ കുട്ടികൾ അടിക്കുന്നതാണ് താൻ കണ്ടതെന്നും, അതിന് മുമ്പ് നടന്ന കാര്യങ്ങൾ തനിക്ക് അറിയില്ലെന്നും ബിജു അറിയിച്ചു. കുട്ടികൾ അടിക്കുമ്പോൾ സെക്ഷൻ ഓഫീസറായ ഷിബു തിരിച്ചടിച്ചിട്ടില്ലെന്നും, പേരറിയാത്ത ഒരു കുട്ടി ഷിബുവിന്റെ തലക്ക് ഇടിച്ചതായും, താൻ പിടിച്ച് മാറ്റാൻ ശ്രമിച്ചപ്പോൾ തനിക്കും നെഞ്ചിൽ ഇടി കിട്ടിയതായും ഡോക്ടറെ കണ്ട് ചികിത്സ തേടേണ്ടി വന്നതായും ബിജു പറഞ്ഞു. നേരത്തേ ഉണ്ടായ എന്തെങ്കിലും പ്രശ്നവുമായി ഈ സംഭവത്തിന് ബന്ധമില്ലെന്നാണ് തനിക്ക് തോന്നുന്നതെന്നും, സെക്ഷൻ ഓഫീസറായ ഷിബു രാവിലെ നേരത്തേ വന്ന് ജോലി ചെയ്യുന്നയാളാണെന്നും ബിജു പറഞ്ഞു. വന്ന മൂന്നുപേരിൽ ഒരാൾ അമൽ എന്ന പേരുള്ളയാളാണെന്നും മറ്റുള്ളവരുടെ പേര് അറിയില്ലെന്നും അദ്ദേഹം പറഞ്ഞു. മൂന്നു പേർ ഒരുമിച്ച് ഒരാളുടെ കാര്യം അന്വേഷിച്ച് വന്നത് എന്തിനാണെന്നും പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തന്നെ അടിച്ചപ്പോൾ ഷിബു തിരിച്ചടിച്ചിട്ടില്ല മറിച്ച് പ്രതിരോധിക്കുക മാത്രമാണ് ചെയ്തത്. സെക്ഷനെ സംബന്ധിച്ച വിവരങ്ങളും, കോളേജുകളുടെ മൊത്തം ലിസ്റ്റും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഡി.ഡി.എഫ്.എസ്, ലിങ്ക്സ് എന്നിവ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ സെക്ഷനുകളിൽ നിന്നും കൃത്യമായി മറുപടി കൊടുക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ബിജു കമ്മറ്റി മുമ്പാകെ അറിയിച്ചു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ബി.എ. വിഭാഗം അസിസ്റ്റന്റ് ശ്രീ. നൗഷാദ്. കെ.ടി. താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

തന്റെ ഇടത് വശത്താണ് സെക്ഷൻ ഓഫീസറായ ശ്രീ. ഷിബു ഇരിക്കുന്നതെന്നും താൻ ഇരിക്കുന്നതിന്റെ പുറകവശത്തെ വരാന്തയിൽ മൂന്നു പേർ കൂടി നിൽക്കുന്നത് കണ്ടപ്പോൾ സന്ദർശകർക്കുള്ള ഇരിപ്പിടങ്ങളിൽ പോയി ഇരിക്കാൻ ഷിബു പറഞ്ഞതായും നൗഷാദ് കമ്മറ്റിയെ അറിയിച്ചു. കൂടാതെ മുമ്പേ പ്ലാൻ ചെയ്ത പോലെയാണ് കാര്യങ്ങൾ നടന്നതെന്നാണ് തോന്നിയതെന്നും, സെക്ഷൻ ഓഫീസറെ അടിക്കാൻ മൂന്നുപേരും വരുന്നതും പിന്നീട് അദ്ദേഹത്തോട് വളരെ മോശമായ ഭാഷയിൽ സംസാരിക്കുന്നതും, കൈ പിടിച്ചുവെച്ച് അടിക്കുന്നതും താൻ കണ്ടതായും നൗഷാദ് അറിയിച്ചു. സംഭവം നടക്കുമ്പോൾ അടിച്ച ആളിന്റെ പേര് അറിയില്ലായിരുന്നെന്നും പിന്നീടാണ് ഷിബുവിനെ അടിച്ചത് കാമ്പസ്സിലെ വിദ്യാർത്ഥി ആയ അമൽ ആണെന്നും, നിലവിൽ കാമ്പസ്സിലെ വിദ്യാർത്ഥി അല്ലാത്ത ശ്രീലേഷ് ആണ് ഷിബുവിനെ പിടിച്ച് വെച്ചതെന്ന് മനസ്സിലായതായും, റാങ്ക് ലിസ്റ്റിന്റെ ആവശ്യത്തിനുള്ളവരല്ലാതെ മറ്റുള്ളവർ തങ്ങളുടെ സെക്ഷനിലേക്ക് വരേണ്ട ആവശ്യമില്ലെന്നും നൗഷാദ് കമ്മറ്റിയെ അറിയിച്ചു.

ഓടിക്കൂടിയവർ പിടിച്ചു മാറ്റാൻ ശ്രമിച്ചിട്ടും അവർ പിടിവിടാൻ തയ്യാറായില്ലെന്നും, ഫോട്ടോയെടുക്കാൻ ശ്രമിച്ച തന്നെ പുറത്ത് നിന്നു കാണാമെന്ന് അവർ ഭീഷണിപ്പെടുത്തിയതായും, ഷട്ടർ താഴ്ത്തിയത് ആരാണെന്ന് അറിയില്ലെന്നും പുറമെ നിന്ന് ആരെങ്കിലും വന്ന് പ്രശ്നം വഷളാകാതിരിക്കാനായി ഷട്ടർ താഴ്ത്തിയതാകാമെന്നും പിന്നീട് ഡെപ്യൂട്ടി രജിസ്ട്രാർ വന്ന് അവരെ കൂട്ടിക്കൊണ്ട് പോവുകയായിരുന്നെന്നും നൗഷാദ് പറഞ്ഞു.

കോവിഡ് കാരണം പരീക്ഷാഭവൻ പ്രവർത്തനം താളം തെറ്റുകയും, കുട്ടികൾക്ക് സമയബന്ധിതമായി സേവനം നൽകാൻ കഴിയുന്നില്ലെന്നത് വസ്തുതയാണെന്നും നൗഷാദ് പറഞ്ഞു. സെക്ഷൻ ഓഫീസറായ ഷിബു രാവിലെ നേരത്തേ വന്ന് വൈകി മാത്രം ഓഫീസിൽ നിന്നും പോകുകയും, കൂടാതെ ഒഴിവ് ദിവസങ്ങളിൽ സ്ഥിരമായി വന്ന് ജോലി ചെയ്യുന്നയാളാണെന്നും, എന്നാൽ ഫ്രണ്ട് ഓഫീസ് കൈകാര്യം ചെയ്യാൻ പറ്റുന്ന ആളല്ലെന്നാണ് തന്റെ അഭിപ്രായമെന്നും നൗഷാദ് കമ്മറ്റിയെ അറിയിച്ചു.

**അന്വേഷണ കമ്മറ്റി മുമ്പാകെ സെക്യൂരിറ്റി സ്റ്റാഫ് ശ്രീ. കൃഷ്ണനുണ്ണി താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

25.11.2021 ന് താനായിരുന്നു ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതെന്നും, അന്ന് കെ.എസ്.യു. മാർച്ച് നടക്കുന്നുണ്ടായിരുന്നെന്നും ശ്രീ. കൃഷ്ണനുണ്ണി അറിയിച്ചു. തിരിച്ചറിയൽ കാർഡ് കാണിക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് ഓഫീസിനകത്തേക്ക് കയറാൻ അനുവദിക്കാറുള്ളുവെന്നും, തിരിച്ചറിയൽ കാർഡും, പാസ്സും ഉപയോഗിച്ചായിരിക്കാം ഇവർ കയറിയതെന്നും കൃഷ്ണനുണ്ണി കമ്മറ്റിയെ അറിയിച്ചു.

മുകളിൽ നിന്നും ശബ്ദം കേട്ടപ്പോൾ താഴെ ഗേറ്റ് അടക്കുകയും, അവിടെയുണ്ടായിരുന്ന പോലീസുകാരെ വിളിച്ച് മുകളിലേക്ക് അയക്കുകയും ചെയ്തതായും, കൊളാപ്സ് അടച്ചതു കാരണമാണ് കൂടുതൽ കുട്ടികൾ മുകളിലേക്ക് കയറാതിരുന്നതെന്നും കൃഷ്ണനുണ്ണി പറഞ്ഞു. പരീക്ഷാഭവനിൽ ആവശ്യങ്ങൾക്കായി വരുന്ന കുട്ടികളിൽ ചിലർ മോശമായി പെരുമാറാറുണ്ടെന്നും, ആ ദിവസവും ചിലർ മോശമായി പെരുമാറിയിരുന്നെന്നും, എന്നാൽ ആരും ശാരീരികമായി ഉപദ്രവിച്ചിട്ടില്ലെന്നും അദ്ദേഹം കമ്മറ്റിയെ അറിയിച്ചു.

**25.11.2021 ന് പരീക്ഷാഭവൻ ബി.എ. വിഭാഗത്തിൽ നടന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ട കമ്മറ്റിയുടെ നടപടിക്രമം**

പ്രസ്തുത കമ്മറ്റിയുടെ രണ്ടാമത്തെ സിറ്റിംഗ് 04.12.2021 ന് രാവിലെ 10.30 ന് പ്രൊ-വൈസ് ചാൻസലറുടെ ചേമ്പറിൽ താഴെ പറയുന്നവരുടെ സാന്നിധ്യത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈനിൽ നടന്നു.

പ്രൊ-വൈസ് ചാൻസലർ

രജിസ്ട്രാർ

കൺട്രോളർ ഓഫ് എക്സാമിനേഷൻസ്

താഴെ പറയുന്നവർ ഹിയറിങ്ങിൽ പങ്കെടുത്തു

ശ്രീ. അമൽ. സി.എച്ച്

ശ്രീ. ശ്രീലേഷ്. എം.കെ

ശ്രീ. ബിപിൻദേവ്. കെ.ടി

**അന്വേഷണ കമ്മറ്റി മുമ്പാകെ കായികപഠനവിഭാഗത്തിലെ റിസർച്ച് സ്കോളർ ശ്രീ. അമൽ. സി.എച്ച് താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

ജോബ് ഫെയറിൽ സഹായിക്കുന്നതിന് കുട്ടികളെ വേണമെന്ന് ശിവദാസൻ സാർ ആവശ്യപ്പെട്ടിരുന്നെന്നും, ആ കാര്യവുമായി ബന്ധപ്പെട്ട് സെമിനാർ കോംപ്ലക്സിൽ പോയി അവിടെ നിന്നും തിരിച്ചിറങ്ങുമ്പോൾ ശ്രീലേഷ്, ബിബിൻദേവ് എന്നിവരെ കാണുകയും, ആ സമയത്ത് പരീക്ഷാഭവന് പുറത്ത് ഒരു കുട്ടി കാത്തു നിൽക്കുന്നുണ്ടെന്ന് ഫോൺ വന്നതു പ്രകാരം അവിടെ പോയപ്പോൾ ശ്രീലേഷിന്റെ ഒരു സുഹൃത്തിന്റെ ഡിഗ്രി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാര്യം ബി.എ. ബ്രാഞ്ചിൽ അന്വേഷിക്കുന്നതിനാണ് മൂന്നുപേരും പരീക്ഷാഭവനകത്ത് കയറിയതെന്നും അമൽ കമ്മറ്റിയെ അറിയിച്ചു. കോവിഡ് കാലത്തിന് ശേഷം ആദ്യമായാണ് പരീക്ഷാഭവനിലെ പ്രധാന ബിൽഡിംഗിൽ പോകുന്നതെന്നും, ആ സമയം കെ.എസ്.യു സമരവുമായി ബന്ധപ്പെട്ട് പോലീസും, മീഡിയാ പ്രവർത്തകരും മറ്റും പരീക്ഷാഭവനു മുന്നിൽ ഉണ്ടായിരുന്നതായും, ആ സമയത്ത് അവിടെയുണ്ടായിരുന്ന ആളുകളോടെല്ലാം സംസാരിച്ചിരുന്നതായും അമൽ പറഞ്ഞു.

കറ്റ്യാടി എഡ്യുകോസ് കോളേജിൽ പഠിക്കുന്ന കുട്ടിയുടെ കാര്യം അന്വേഷിക്കാനാണ് പോയതെന്നും പ്രസ്തുത കോളേജിന്റെ കാര്യങ്ങൾ ചെയ്യുന്ന സെക്ഷൻ ഏതാണെന്ന് ഒരു സെക്ഷനിൽ ചോദിച്ചപ്പോൾ അവർ മറ്റൊരു സെക്ഷനിലേക്ക് കൈചൂണ്ടുകയും അങ്ങനെ മൂന്നാമത്തെ സെക്ഷനിൽ ചെന്നപ്പോൾ സെക്ഷൻ വിവരങ്ങൾ പുറത്ത് ചുമരിൽ എഴുതി വെച്ചിട്ടുണ്ടെന്നും പറഞ്ഞതായും അമൽ അറിയിച്ചു. ശ്രീലേഷ് അത് നോക്കാൻ വേണ്ടി പോയപ്പോൾ തങ്ങൾ രണ്ടുപേരും സെക്ഷനിടയിലുള്ള പാസ്സേജിൽ നിൽക്കുകയായിരുന്നെന്നും, ഈ സമയം ഷിബു എന്നോട് അവിടെ നിൽക്കാൻ പാടില്ല എന്ന് ശബ്ദമുയർത്തി ആജ്ഞാപിക്കുകയും ചെയ്തതായും അറിയിച്ചു. ഷിബുവിനെ തനിക്ക് മുൻപരിചയമില്ലെന്നും, അയാളുടെ പേരുപോലും ആ സമയത്ത് തനിക്കറിയില്ലായിരുന്നെന്നും, അവിടെ നിൽക്കാൻ പാടില്ല ഇറങ്ങി പോടാ എന്ന് വീണ്ടും ഷിബു പറഞ്ഞപ്പോൾ, വന്ന കാര്യം അന്വേഷിച്ചിട്ട് പൊയ്ക്കോളാം നിങ്ങൾ നിങ്ങളുടെ ജോലി ചെയ്തോളൂ എന്ന് ഷിബുവിനോട് പറഞ്ഞതായും, അത് കേട്ടപ്പോൾ ഷിബു കാബിനിൽ നിന്നിറങ്ങി തന്റെ നേരെ വന്ന് കോളറിൽ പിടിക്കുകയുമായിരുന്നെന്നും, അതോടെ താൻ ഷോക്കായിപ്പോയെന്നും, അയാളോട് താൻ എസ്.എഫ്.ഐ ജില്ലാ അംഗമാണെന്നും എ.കെ.ആർ.എസ്.എ. കൺവീനറാണെന്നും പരിചയപ്പെടുത്തുകയും തോന്ന്യാസം കളിക്കരുതെന്ന് പറയുകയും ചെയ്തതായും അമൽ കമ്മറ്റിയെ അറിയിച്ചു. ആ സമയത്ത് നീ ആരായാലെന്താടാ എന്ന് പറഞ്ഞ് തന്നെ അടിക്കുകയും, ഉച്ചത്തിൽ എന്തൊക്കെയോ പറഞ്ഞെന്നും ആ സമയം സെക്ഷനിൽ ഉള്ള പത്തു-പതിനഞ്ചോളം പേർ ഓടി വന്ന് അവരെ വളയുകയും ഷിബു പറഞ്ഞതു പ്രകാരം ആരോ ഷട്ടർ താഴ്ത്തുകയും അവിടെ കൂടിയവർ അവരെ മൂന്ന് പേരെയും വളഞ്ഞ് ചോദ്യം ചെയ്യുകയും, പൊതിരെ തല്ലുകയും ചെയ്തെന്നും, മൂന്നു പേരേയും പിടിച്ച് മൂന്ന് ഭാഗത്തേക്ക് വലിച്ച് കൊണ്ടുപോയി മർദ്ദിക്കുകയും, ബിബിൻദേവിനെയാണ് കൂടുതൽ മർദ്ദിച്ചതെന്നും തന്നെ കടിക്കുകയും ചെയ്തെന്നും അമൽ കമ്മറ്റിയെ അറിയിച്ചു. ഈ സമയം ഡെപ്യൂട്ടി രജിസ്ട്രാർ

വന്നപ്പോഴാണ് ഷട്ടർ ഇറന്നതെന്നും, ഡെപ്യൂട്ടി രജിസ്ട്രാറുടെ കാബിനിൽ പോയി സംസാരിച്ച സമയത്ത് പോലീസ് വരുകയും, ഡെപ്യൂട്ടി രജിസ്ട്രാർ അപ്പോൾ കൺട്രോളറെ വിളിക്കുകയും ചെയ്തെന്നും, പിന്നീട് അവർ പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് പുറത്തേക്ക് വന്നതെന്നും, പുറത്ത് അടി കൊണ്ടതുകാരണം ശരീരവേദനയും, തലവേദനയും ഉണ്ടായതായും, ഹോസ്പിറ്റലിൽ പോകണമെന്നും പറഞ്ഞ സമയത്ത് ആംബുലൻസ് വന്നപ്പോൾ അവരെ കൊണ്ടുപോകാൻ വന്നതാണെന്ന് കരുതിയെങ്കിലും അത് ജീവനക്കാരന് വേണ്ടിയാണെന്ന് പറയുകയും എന്നാൽ മറ്റുള്ള കുട്ടികളുടെ നിർബന്ധം കാരണം അവരെ ആശുപത്രിയിൽ കൊണ്ടുപോയെന്നും അമൽ പറഞ്ഞു.

മൂന്നുപേരും അകത്ത് പോകുമ്പോൾ പുറത്തുനിന്ന് ഗേറ്റ് അടച്ചിരുന്നെന്നും, അതിനാൽതന്നെ ഉള്ളിൽ കയറി പ്രശ്നങ്ങൾ ഉണ്ടാക്കിയാൽ അത് അവരെ തന്നെയാണ് ബാധിക്കുക എന്നതിനാൽ അവരതിന് തയ്യാറാവില്ലെന്ന് ഊഹിക്കാമല്ലോയെന്നും, പരീക്ഷാഭവനിൽ വരുന്ന ഒരു കുട്ടിക്കും ഇങ്ങനെ സംഭവിക്കരുതെന്നും അമൽ അറിയിച്ചു.

ബി.എ. ബ്രാഞ്ചിൽ കാബിനുകൾക്കിടയിൽ പല ഭാഗത്തായിരുന്ന അവരെ ഡെപ്യൂട്ടി രജിസ്ട്രാർ വന്ന് ഒരുമിച്ചാണ് അവരുടെ കാബിനിലേക്ക് കൊണ്ടുപോയതെന്നും, ശ്രീലേഷും, ബിബിൻദേവും നിലവിൽ ഇവിടത്തെ വിദ്യാർത്ഥികൾ അല്ലെന്നും, സംഘടനാ പ്രവർത്തകർ എന്ന നിലയിൽ തങ്ങൾ പാസ്സെടുത്തല്ല പരീക്ഷാഭവനിൽ കയറാറുള്ളതെന്നും അമൽ കമ്മറ്റിയോട് പറഞ്ഞു. ജീവനക്കാർ അടിച്ചപ്പോൾ അവർ പ്രതിരോധിച്ചെന്നും മന:പൂർവ്വം അടിച്ചിട്ടില്ലെന്നും കോൺഫിഡൻഷ്യൽ സെക്ഷൻ ആണെന്ന് അവർക്കറിയില്ലായിരുന്നെന്നും പാസ്സേജിൽ ശ്രീലേഷിനെ കാത്ത് നിൽക്കുന്ന സമയത്താണ് ഷിബു ഇടപെട്ടതെന്നും അമൽ പറഞ്ഞു.

പരീക്ഷാഭവനിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കാൻ അവർ ഉദ്ദേശിച്ചിട്ടില്ലെന്നും അവരെ ഷിബു അടിച്ച സമയത്ത് ഒന്നു രണ്ട് തവണ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി അയാൾക്ക് നേരെ കൈ വീശി അടിച്ചിട്ടുണ്ടെന്നും, ശ്രീലേഷ്, ബിബിൻ എന്നിവർ നിലവിൽ സംഘടനാ ഭാരവാഹികൾ അല്ലെന്നും അമൽ അറിയിച്ചു. ഏകദേശം 12.00 മണിയോടുകൂടിയാണ് അവർ പരീക്ഷാഭവനകത്ത് കയറിയത്. ശ്രീ. ഷിബു അവരെ ആക്രമിക്കാൻ തക്ക ഒരു പെരുമാറ്റവും അവരിൽ നിന്ന് ഉണ്ടായിട്ടില്ലെന്നും, ബി.എ. ബ്രാഞ്ചിലുണ്ടായിരുന്ന പത്ത് പതിനഞ്ച് പേരും ഒരേ പോലെ അവരെ ആക്രമിക്കുകയായിരുന്നെന്നും, അവരെ തെറിവിളിച്ചത് പോലെ തിരിച്ചും തെറിവിളിച്ചിട്ടുണ്ടെന്നും, യൂണിവേഴ്സിറ്റിയിൽ കുറച്ചു പേരെങ്കിലും കുട്ടികളെ കൈയ്യേറ്റം ചെയ്യാം എന്ന രീതിയിൽ പെരുമാറുന്നവരുണ്ടെന്നും, അത് പരിശോധിക്കണമെന്നും, അടി നടന്നത് പാസ്സേജിൽ വെച്ചാണ് ഷിബുവിന്റെ കാബിനിൽ അല്ലെന്നും അമൽ കമ്മറ്റിയോട് പറഞ്ഞു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ശ്രീ. ശ്രീലേഷ് താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

11.30 മണിയോടെ വസുമതി ടീച്ചറെ കാണാൻ സെമിനാർ കോംപ്ലക്സിൽ പോയതായും, അവിടെനിന്നും ഇറങ്ങിയശേഷം അമലിനേയും കൂട്ടി കുറ്റ്യാടി എഡ്യുകോസ് കോളേജിൽ പഠിച്ച ഒരു കുട്ടിയുടെ കാര്യം അന്വേഷിക്കാനാണ് പരീക്ഷാഭവനിൽ പോയതെന്നാണ് അമൽ കമ്മറ്റിയോട് പറഞ്ഞത്. പോകുന്ന വഴിയിൽ പരിചയമുള്ളവരോടൊക്കെ സംസാരിച്ചിരുന്നെന്നും, ബി.എ. യിൽ ചെന്ന ശേഷം ആദ്യം കണ്ട ജീവനക്കാരിയോട് ഏത് സെക്ഷനിലാണ് അന്വേഷിക്കേണ്ടതെന്ന് ചോദിച്ചപ്പോൾ ആദ്യം അസിസ്റ്റന്റ് രജിസ്ട്രാറിനെ കണ്ടാൽ മതിയെന്നും പിന്നീട് പുറത്ത് എഴുതി വച്ചിട്ടുണ്ട് അത് നോക്കാനും പറഞ്ഞതായും, അതിനായി താൻ പോയപ്പോൾ അമൽ, ബിബിൻദേവ് എന്നിവർ പാസ്സേജിൽ നിൽക്കുകയായിരുന്നെന്നും ആ സമയത്ത് ഷിബു അമലിനോട് ഇവിടെ നിൽക്കാൻ പാടില്ല ഇറങ്ങി പോകണം എന്ന് ആവർത്തിച്ച് പറഞ്ഞതായും കമ്മറ്റിയോട് പറഞ്ഞു. അപ്പോൾ നിങ്ങൾ നിങ്ങളുടെ പണിയെടുത്താൽ മതി വന്ന കാര്യം അന്വേഷിച്ച് പൊയ്ക്കോളാം എന്ന് അമൽ പറഞ്ഞതായും ആ സമയത്ത് ഷിബു കാബിനിൽ നിന്ന് ചാടി വന്ന് അമലിനെ ആക്രമിച്ചെന്നും, അവർ രണ്ടുപേരും അമലിനെ രക്ഷിക്കാൻ ശ്രമിച്ചെന്നും ആ സമയത്ത് ഷിബു പറഞ്ഞതു പ്രകാരം ആരോ ഷട്ടർ അടച്ചെന്നും പത്തു-പതിനഞ്ചോളം പേർ പല ഭാഗത്ത് നിന്നും വന്ന് അവരെ വളയുകയും മൂന്നു പേരേയും പിടിച്ച് മൂന്ന് ഭാഗത്തേക്ക് മാറ്റി മർദ്ദിക്കുകയും, ഡെപ്യൂട്ടി രജിസ്ട്രാർ വന്നതിനു ശേഷമാണ് അവരെ അവിടെനിന്ന് മാറ്റിയതെന്നും, അമലിനെ അടിച്ചപ്പോൾ അമൽ തിരിച്ചും അടിച്ചെന്നും ശ്രീലേഷ് കമ്മറ്റിയോട് പറഞ്ഞു.

താൻ നിലവിൽ കാമ്പസ്സിലെ വിദ്യാർത്ഥി അല്ലെന്നും, വസുമതി ടീച്ചറിനെ കാണാനാണ് കാമ്പസ്സിൽ വന്നതെന്നും, ഇത്തരമൊരു അനുഭവം ആദ്യമാണെന്നും, പലകുട്ടികളുടേയും കാര്യങ്ങൾ അന്വേഷിക്കാനാണ് പലപ്പോഴും അവിടെ പോകാറുള്ളതെന്നും ശ്രീലേഷ് പറഞ്ഞു.

സെക്ഷനിലെ മുന്ന് സീറ്റിൽ പോയി ചോദിച്ചിട്ടും സെക്ഷൻ ഏതാണെന്ന് അവിടെ നിന്നും പറഞ്ഞു തന്നില്ലെന്നും, ഷിബുവിന്റെ അടുത്തേക്ക് അവർ പോയിട്ടില്ലെന്നും പാസ്സേജിൽ ആയിരുന്നു നിന്നതെന്നും ശ്രീലേഷ് പറഞ്ഞു. യൂണിവേഴ്സിറ്റി ഇക്കാര്യത്തിൽ മാതൃകാപരമായി ഇടപെടണമെന്നും, അവരുടെ ഭാഗത്ത് നിന്നും പ്രകോപനപരമായി ഒന്നും ഉണ്ടായിട്ടില്ലെന്നും, ഷിബു കാബിനിൽ നിന്നും ഇറങ്ങി പാസ്സേജിൽ വന്നാണ് അവരെ മർദ്ദിച്ചതെന്നും, അതിന് ശേഷമാണ് അവർ പ്രതിരോധിച്ചതെന്നും ശ്രീലേഷ് കമ്മറ്റിയോട് പറഞ്ഞു.

**അന്വേഷണ കമ്മറ്റി മുമ്പാകെ ശ്രീ. ബിബിൻദേവ് താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.**

താൻ മുൻ വിദ്യാർത്ഥിയും ഡി.എസ്.യു. മാഗസിൻ എഡിറ്ററും ആണെന്നും, മാഗസിൻ പ്രകാശനവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനാണ് കാമ്പസ്സിൽ വന്നതെന്നും, സെമിനാർ കോംപ്ലക്സിൽ നിന്നും അമൽ, ശ്രീലേഷ് എന്നിവരുമായി ചേർന്ന് പരീക്ഷാഭവനിൽ പോയതായും, ശ്രീലേഷുമായി ബന്ധപ്പെട്ട ഒരു വിദ്യാർത്ഥിയുടെ കാര്യം അന്വേഷിക്കാനാണ് പരീക്ഷാഭവനിൽ പോയതെന്നും ബിബിൻദേവ് പറഞ്ഞു. ശ്രീലേഷ് വിവരങ്ങൾ അന്വേഷിക്കുന്നതിനായി ഓരോ സെക്ഷനിലും പോയതായും, പരസ്പരം സംസാരിച്ചുകൊണ്ട് പാസ്സേജ് വഴി നടക്കുമ്പോൾ അമലിനോട് ഷിബു ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് പുറത്ത് പോകാൻ പറഞ്ഞപ്പോൾ കാര്യം അന്വേഷിച്ചിട്ട് പോകാം എന്ന് പറഞ്ഞ സമയത്ത് ആക്രോശിച്ച് കൊണ്ട് ഷിബു കാബിനിൽ നിന്നും ഓടി വന്ന് അവരെ ആക്രമിച്ചെന്നും, ശബ്ദം കേട്ട മറ്റു ജീവനക്കാർ വന്ന് അവരെ മർദ്ദിച്ചെന്നും ബിബിൻദേവ് കമ്മിറ്റിയോട് പറഞ്ഞു. പരസ്പരം അവർ പിടിച്ചുമാറ്റാൻ ശ്രമിച്ചെങ്കിലും ഷിബു അവരെ ശക്തമായി ആക്രമിക്കുകയും, അമലിന് നേരെയായിരുന്നു കൂടുതൽ ആക്രമണം ഉണ്ടായതെന്നും പറഞ്ഞു. അവരെ പലരും പുറത്ത് കുത്തുകയും അടിക്കുകയും ചെയ്തതായും, അടികൊണ്ട് താൻ നിലത്ത് വീണെന്നും, ഇതിനിടയിൽ ആരോ ഷട്ടർ താഴ്ത്തുകയും, ഡെപ്യൂട്ടി രജിസ്ട്രാർ വന്ന് അവരെ സ്നേഹപൂർവ്വം അവരുടെ കാബിനിലേക്ക് കൊണ്ടുപോയെന്നും, വി.സി., പി.വി.സി, കൺട്രോളർ എന്നിവരാരെങ്കിലും വന്നാലേ തങ്ങൾ പുറത്തേക്ക് പോകൂ എന്ന് അവർ പറഞ്ഞതായും, ആ സമയം ജീവനക്കാർ ആക്രോശിച്ച് നിൽക്കുകയായിരുന്നെന്നും ബിബിൻദേവ് കമ്മറ്റിയോട് പറഞ്ഞു.

തങ്ങൾ മൂന്നുപേരും പരീക്ഷാഭവനിൽ പോയി എന്നത് സത്യമാണെന്നും, എന്നാൽ അവരല്ല ആദ്യം അടിച്ചതെന്നും അടി കൊണ്ടപ്പോൾ പ്രതിരോധിക്കുകയായിരുന്നെന്നും രണ്ട് പേർ ചേർന്ന് പിടിച്ച് നിർത്താനുള്ള സ്പേസ് അവിടെയില്ലെന്നും പറഞ്ഞു. ഇതിനുമുമ്പ് പലതവണ പരീക്ഷാഭവനിൽ പോയിട്ടുണ്ടെങ്കിലും ഇതുവരെ ഇത്തരം അനുഭവം ഉണ്ടായിട്ടില്ലെന്നും, ജീവനക്കാരിൽ പലരുമായും അവർക്കുള്ള പരിചയം പുതുക്കിയാണ് അകത്ത് കയറിയതെന്നും, കെ.എസ്.യു. സമരം വന്ന സമയത്ത് ഷട്ടർ അടച്ചിരുന്നതായും ബിബിൻദേവ് പറഞ്ഞു.

പരീക്ഷാഭവനിലെ മറ്റ് ജീവനക്കാരെക്കുറിച്ച് അവർക്ക് മോശം അഭിപ്രായം ഇല്ലെന്നും, ചില ജീവനക്കാർ വളരെ മോശമായി പെരുമാറുന്ന പ്രവണത വർദ്ധിച്ച് വരുന്നുണ്ടെന്നും, ഇക്കാര്യം യൂണിവേഴ്സിറ്റി ശ്രദ്ധിക്കണമെന്നും ബിബിൻദേവ് കമ്മറ്റി മുമ്പാകെ പറഞ്ഞു.

ബന്ധപ്പെട്ട കക്ഷികളുടേയും, സാക്ഷികളുടേയും മൊഴികളുടെ അടിസ്ഥാനത്തിൽ കമ്മറ്റി താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

1) ജീവനക്കാരെ അവരുടെ ജോലി സ്ഥലത്ത് വച്ച് കൈയ്യേറ്റം ചെയ്യുകയും, ജോലി തടസ്സപ്പെടുത്തുകയും ചെയ്ത നടപടി ഒരിക്കലും അംഗീകരിക്കാവുന്നതല്ല.

2) പ്രവേശന പാസ്സോ, മറ്റ് തിരിച്ചറിയൽ രേഖകളോ ഇല്ലാതെ നിലവിൽ കാമ്പസ്സിലെ വിദ്യാർത്ഥികൾ അല്ലാത്ത രണ്ട് പേരുൾപ്പെടെ മൂന്നു പേർ ഒരേ സമയം പരീക്ഷാഭവനകത്തേക്ക് പ്രവേശിച്ചത് സുരക്ഷാവീഴ്ചയാണ്.

3) വിദ്യാർത്ഥികളോടുള്ള ജീവനക്കാരുടെ പെരുമാറ്റത്തിലും, സംസാരത്തിലും അവർക്കുള്ള സേവനം നൽകുന്ന കാര്യത്തിലും അതീവ ശ്രദ്ധയും സൂക്ഷ്മതയും പുലർത്തേണ്ടതുണ്ട്.

**ശുപാർശകൾ**

1) അതീവ രഹസ്യമായി കൈകാര്യം ചെയ്യേണ്ടുന്ന മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ, രഹസ്യ സ്വഭാവമുള്ള ഫയലുകൾ എന്നിവ വെച്ചിട്ടുള്ള സെക്ഷനിൽ കയറി അവ കൈകാര്യം ചെയ്യുന്ന ജീവനക്കാരെ കൈയ്യേറ്റം ചെയ്യുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ചെയ്ത ശ്രീ. അമൽ. സി.എച്ച് (ഗവേഷകൻ, കായിക പഠന വകുപ്പ്), ശ്രീ. ശ്രീലേഷ്. എം.കെ (മുൻ വിദ്യാർത്ഥി), ശ്രീ. ബിപിൻദേവ്. കെ.ടി (മുൻ വിദ്യാർത്ഥി) എന്നിവരുടെ നടപടി ശിക്ഷാർഹമാണ്.

2) പരീക്ഷാഭവൻ ബി.എ. ബ്രാഞ്ചിൽ 25.11.2021 ൽ നടന്ന അനിഷ്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ഇതിനകം പോലീസിൽ നൽകിയിട്ടുള്ള കേസുകളുമായി മുന്നോട്ട് പോകേണ്ടതാണ്.

3) സുരക്ഷിതവും, ഭീതിരഹിതവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി സുരക്ഷാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം.

4) പരീക്ഷാഭവനിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന കുട്ടികളുടെ ആവശ്യങ്ങൾ പരമാവധി നടത്തിക്കൊടുക്കാൻ പാകത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്.

5) പരീക്ഷാഭവനകത്തേക്ക് വരുന്ന കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ അവർ കാണത്തക്കവിധം പ്രവേശനകവാടത്തിനടുത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം. വിദ്യാർത്ഥികൾ മേൽ നിർദ്ദേശങ്ങൾ വായിച്ച ശേഷം മാത്രമേ അകത്തേക്ക് കയറാവൂ.

6) ഓരോ ബ്രാഞ്ചിലും അവിടെ വരുന്ന കുട്ടികളെ സ്വീകരിക്കുന്നതിന് ഓരോ ഹെൽപ് ഡസ്കുകൾ സ്ഥാപിക്കേണ്ടതും, ഒരു ഉദ്യോഗസ്ഥനെ അതിന്റെ പ്രവർത്തനങ്ങൾക്കായി മാത്രം ബന്ധപ്പെട്ട ബ്രാഞ്ച് ഹെഡ്സ് /ജെ.സി.ഇ നിയമിക്കേണ്ടതുമാണ്.

7) നിമയപ്രകാരം അനുവദിക്കുന്ന പ്രവേശന പാസ്സ് ഇല്ലാത്ത ഒരു വിദ്യാർത്ഥിയേയും പരീക്ഷാഭവനകത്തേക്ക് പ്രവേശിപ്പിക്കാൻ പാടില്ല. പരീക്ഷാഭവനുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാൻ വരുന്ന കാമ്പസ്സിലെ വിദ്യാർത്ഥികൾക്ക് ഫ്രണ്ട് ഓഫീസിനെ സമീപിച്ച് പാസ്സ് വാങ്ങാവുന്നതും അതുമായി പരീക്ഷാഭവനകത്തേക്ക് പ്രവേശിക്കാവുന്നതുമാണ്.

ഈ അന്വേഷണ റിപ്പോർട്ട് പരിശോധനക്കും അനന്തരനടപടികൾക്കുമായി വൈസ് ചാൻസലർ മുമ്പാകെ സമർപ്പിക്കുന്നു.

പ്രൊ-വൈസ് ചാൻസലർ :

രജിസ്ട്രാർ :

പരീക്ഷാ കൺട്രോളർ :